| 07–08–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ഓർമ്മയുടെ യാത്രയിലൂടെ മാത്രമാണ് നിങ്ങളുടെ സമ്പാദ്യം ശേഖരിക്കപ്പെടുന്നത്, നിങ്ങൾ നഷ്ടത്തിൽ നിന്നും ലാഭത്തിലേയ്ക്ക് വരുന്നു, വിശ്വത്തിന്റെ അധികാരിയായി മാറുന്നു.**

**ചോദ്യം:–** സത്യവുമായുള്ള സംഗം ഉയർത്തും കുസംഗം താഴ്ത്തും– ഇതിന്റെ അർത്ഥം എന്താണ്?
**ഉത്തരം:–** എപ്പോൾ നിങ്ങൾ കുട്ടികൾക്ക് സത്യവുമായുള്ള സംഗം ലഭിക്കുന്നുവോ അർത്ഥം ബാബയുടെ സംഗം ലഭിക്കുന്നുവോ അപ്പോൾ നിങ്ങളുടെ ഉയരുന്ന കലയുണ്ടാകുന്നു. രാവണന്റെ സംഗം കുസംഗമാണ്, രാവണനുമായുള്ള സംഗത്തിൽ നിങ്ങൾ താഴേയ്ക്ക് വീഴുന്നു അർത്ഥം നിങ്ങളെ താഴ്ത്തുന്നു, ബാബയാണ് അക്കരെയെത്തിക്കുന്നത്. ബാബ കാണിക്കുന്നത് അത്ഭുതമാണ് എന്തെന്നാൽ ബാബ ഇങ്ങനെയുള്ള സംഗമാണ് നൽകുന്നത് ഇതിലൂടെ നിങ്ങളുടെ ഗതി സദ്ഗതിയായി മാറുന്നു, അതിനാൽ ബാബയെ മാന്ത്രികൻ എന്നും പറയാറുണ്ട്.

**ഓം ശാന്തി**. കുട്ടികൾ ഓർമ്മയിൽ ഇരിക്കുകയായിരുന്നു ഇതിനെയാണ് ഓർമ്മയുടെ യാത്ര എന്നു പറയുന്നത്. ബാബ പറയുന്നു യോഗം എന്ന വാക്ക് ഉപയോഗിക്കാതിരിക്കു. ബാബയെ ഓർമ്മിക്കൂ, ബാബ ആത്മാക്കളുടെ അച്ഛനാണ്, പരമപിതാവാണ് പതിതപാവനനാണ്. പതിതപാവനനെത്തന്നെയാണ് ഓർമ്മിക്കേണ്ടത്. ബാബ പറയുന്നു ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളേയും ഉപേക്ഷിച്ച് ഒരേയൊരു ബാബയെ ഓർമ്മിക്കു. താങ്കൾ മിരിച്ചാൽ താങ്കളുടെ ലോകവും മരിച്ചു... എന്ന് പറയാറില്ലേ അതിനാൽ ദേഹ സഹിതം ദേഹത്തിന്റെ എന്തെല്ലാം സംബന്ധങ്ങൾ കണുന്നുണ്ടോ അതിനെയൊന്നും ഓർമ്മിക്കരുത്. ഒരേയൊരു ബാബയെ മാത്രം ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും. നിങ്ങൾ ജന്മ ജന്മാന്തരങ്ങളായുള്ള പാപാത്മാക്കളല്ലേ. ഈ ലോകം തന്നെ പാപാത്മാക്കളുടേതാണ്. സത്യയുഗമാണ് പുണ്യാത്മാക്കളുടെ ലോകം. ഇപ്പോൾ എല്ലാ പാപത്തേയും മുറിച്ച് എങ്ങനെ പുണ്യം ശേഖരിക്കും? ബാബയുടെ ഓർമ്മയിലൂടെ മാത്രമേ ശേഖരിക്കപ്പെടൂ. ആത്മാവിൽ മനസ്സും ബുദ്ധിയും ഉണ്ടല്ലോ. അതിനാൽ ആത്മാവിന് ബുദ്ധികൊണ്ട് ഓർമ്മിക്കണം. ബാബ പറയുന്നു നിങ്ങളുടെ ഏതെല്ലാം മിത്ര സംബന്ധികളുണ്ടോ, അവരെയെല്ലാം മറക്കൂ. അവർ എല്ലാവരും പരസ്പരം ദുഃഖമാണ് നൽകുന്നത്. ഒന്നാമതായി ചെയ്യുന്ന പാപം കാമ കഠാരി പ്രയോഗിക്കുന്നു എന്നതാണ്, പിന്നീട് രണ്ടാമതായി എന്ത് പാപമാണ് ചെയ്യുന്നത്? സർവ്വരുടേയും സദ്ഗതി ദാതാവായ, കുട്ടികൾക്ക് മുഴുവൻ സുഖം നൽകുന്ന അർത്ഥം സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്ന ബാബയെ സർവ്വവ്യാപി എന്നു പറഞ്ഞു. ഇത് പാഠശാലയാണ്, നിങ്ങൾ വന്നത് ഇത് പഠിക്കാനാണ്. ഈ ലക്ഷ്മീ നാരായണനാണ് നിങ്ങളുടെ പ്രധാന ലക്ഷ്യം. മറ്റാർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല. നിങ്ങൾക്ക് അറിയാം നമുക്ക് ഇപ്പോൾ പവിത്രമായി മാറി പവിത്ര ലോകത്തിന്റെ അധികാരിയായി മാറണം. നമ്മൾ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരി. പൂർണ്ണമായും 5000 വർഷങ്ങളായി. ദേവീ ദേവതകൾ വിശ്വത്തിന്റെ അധികാരികളല്ലേ. എത്ര ഉയർന്ന പദവിയാണ്. തീർച്ചയായും ഇങ്ങനെയാക്കി മാറ്റുന്നത് ബാബയാണ്. ബാബയെത്തന്നെയാണ് പരമാത്മാവ് എന്ന് വിളിക്കുന്നത്, ബാബയുടെ യഥാർത്ഥ നാമം ശിവൻ എന്നാണ്. പിന്നീട് അനേകം പേരുകൾ വെക്കുന്നു. ബോംബെയിൽ ബബൂൽ നാഥന്റെ ക്ഷേത്രമുണ്ട് അർത്ഥം മുള്ളുകളുടെ കാടിനെ പൂക്കളുടെ തോട്ടമാക്കി മാറ്റുന്നവൻ. ഇല്ലെങ്കിൽ ബാബയുടെ യഥാർത്ഥ നാമം ശിവൻ എന്നതാണ്, ഇദ്ദേഹത്തിൽ പ്രവേശിക്കുന്നുണ്ടെങ്കിലും പേര് ശിവൻ എന്നു തന്നെയാണ്. നിങ്ങൾക്ക് ഈ ബ്രഹ്മാവിനെ ഓർമ്മിക്കേണ്ടതില്ല. കാരണം ഇവർ ദേഹധാരിയാണ്. നിങ്ങൾക്ക് വിദേഹിയെ ഓർമ്മിക്കണം. നിങ്ങളുടെ ആത്മാവ് പതിതമായിരിക്കുന്നു അതിനെ ഇപ്പോൾ പാവനമാക്കണം. മഹാത്മാവ്, പാപാത്മാവ് എന്നെല്ലാം പറയാറുണ്ടല്ലോ മഹാനായ പരമാത്മാവ് എന്നൊന്നും പറയാറില്ല. ഞാൻ ഭഗവാനാണ്, ഈശ്വരനാണ് എന്നൊന്നും ആർക്കും പറയാൻ കഴിയില്ല. മഹാത്മാവ്, പവിത്ര ആത്മാവ് എന്നെല്ലാമാണ് പറയാറ്. സന്യാസി എല്ലാം ത്യജിക്കുന്നു അതിനാൽ പവിത്ര ആത്മാവാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് അവരും പുനർജന്മം എടുക്കുന്നുണ്ട്. ദേഹധാരികൾക്ക് തീർച്ചയായും പുനർജന്മം എടുക്കേണ്ടിവരും. വികാരത്തിലൂടെ ജന്മമെടുക്കുന്നു പിന്നീട് വലുതാകുമ്പോൾ സന്യാസം സ്വീകരിക്കുന്നു. ദേവതകൾ ഇങ്ങനെ ചെയ്യുന്നില്ല. അവർ സദാ പവിത്രമാണ്. ബാബ ഇപ്പോൾ നിങ്ങളെ അസുരനിൽ നിന്നും ദേവതയാക്കി മാറ്റുകയാണ്, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നതിലൂടെ ദൈവീക സമ്പ്രദായത്തിലേതായി മാറും. ദൈവീക സമ്പ്രദായം സത്യയുഗത്തിലാണ്, ആസുരീയ സമ്പ്രദായം കലിയുഗത്തിലും. ഇപ്പോൾ സംഗമയുഗമാണ്. ഇപ്പോൾ നിങ്ങൾക്ക് ബാബയെ ലഭിച്ചു, പറയുന്നു ഇപ്പോൾ നിങ്ങൾക്ക് തീർച്ചയായും ദൈവീക സമ്പ്രദായത്തിലേതായി മാറണം. നിങ്ങൾ ഇവിടേയ്ക്കു വന്നതുതന്നെ ദൈവീക സമ്പ്രദായത്തിലേതായി മാറുന്നതിനായാണ്. ദൈവീക സമ്പ്രദായത്തി

ലുള്ളവർക്ക് അളവില്ലാത്ത സുഖമുണ്ട്. ഈ ലോകത്തെ ഹിംസകരുടെ ലോകം എന്നാണ് പറയുന്നത് എന്നാൽ ദേവതകൾ അഹിംസകരാണ്.

ബാബ പറയുന്നു– മധുര മധുരമായ ആത്മീയ കുട്ടികളേ, ബാബയെ ഓർമ്മിക്കൂ. നിങ്ങളുടെ ഗുരുക്കന്മാർ എല്ലാം ദേഹധാരികളാണ്. ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് പരമാത്മാവായ ബാബയെ ഓർമ്മിക്കണം. നിങ്ങൾ പുണ്യാത്മാവായി മാറുമ്പോൾ നിങ്ങൾക്ക് സുഖം ലഭിക്കും. 84 ജന്മങ്ങൾക്ക് ശേഷമാണ് നിങ്ങൾ പാപാത്മാവായിത്തീരുന്നത്. ഇപ്പോൾ നിങ്ങൾ പുണ്യം ശേഖരിക്കുകയാണ്. യോഗബലത്തിലൂടെ പാപത്തെ ഭസ്മമാക്കുന്നു. ഈ ഓർമ്മയുടെ യാത്രയിലൂടെയാണ് നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നത്. നിങ്ങൾ വിശ്വത്തിന്റെ അധികാരിയായിരുന്നു എന്നത് ശരിയല്ലേ. പിന്നീട് അത് എവിടെപ്പോയി ഇതും ബാബയാണ് പറഞ്ഞുതരുന്നത്. നിങ്ങൾ 84 ജന്മങ്ങൾ എടുത്തു, സൂര്യവംശിയും ചന്ദ്രവംശിയുമായി മാറി. ഭക്തിയുടെ ഫലം ഭഗവാൻ നൽകുന്നു എന്ന് പറയാറുണ്ട്. ഭഗവാൻ എന്ന് പറയുന്നത് ഏതെങ്കിലും ദേഹധാരിയെയല്ല. ഭഗവാൻ നിരാകാരനായ ശിവനാണ്. ശിവരാത്രി ആഘോഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും വരുന്നുണ്ടാകില്ലേ. എന്നാൽ പറയുന്നു ഞാൻ നിങ്ങളെപ്പോലെ ജന്മമെടുക്കുന്നില്ല, എനിക്ക് ശരീരം വാടകയ്ക്ക് എടുക്കേണ്ടി വരുന്നു. എനിക്ക് സ്വന്തമായി ശരീരമില്ല. അഥവാ ഉണ്ടെങ്കിലും അതിനും ഒരു പേരുണ്ടാകുമായിരുന്നു. ബ്രഹ്മാവ് എന്നത് ഇദ്ദേഹത്തിന്റെ സ്വന്തം പേരാണ്. ഇദ്ദേഹം സന്യാസം സ്വീകരിച്ചു അപ്പോൾ പേര് ബ്രഹ്മാവ് എന്ന് വെച്ചു. നിങ്ങൾ ബ്രഹ്മാകുമാരന്മാരും കുമാരിമാരുമാണ്. ഇല്ലെങ്കിൽ പിന്നെ ബ്രഹ്മാവ് എവിടെ നിന്നു വന്നു. ബ്രഹ്മാവ് ശിവബാബയുടെ മകനാണ്. ശിവബാബ തന്റെ മകനായ ബ്രഹ്മാവിൽ പ്രവേശിച്ച് നിങ്ങൾക്ക് ജ്ഞാനം നൽകുന്നു. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരും ശിവബാബയുടെ കുട്ടികളാണ്. നിരാകാരനായ അച്ഛന്റെ എല്ലാ കുട്ടികളും നിരാകാരന്മാരാണ്. ആത്മാക്കൾ ഇവിടെ വന്ന് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. ബാബ പറയുന്നു ഞാൻ വരുന്നത് തന്നെ പതിതരെ പാവനമാക്കുന്നതിനായാണ്. ഞാൻ ഈ ശരീരം വാടകയ്ക്ക് എടുക്കുകയാണ്. ശിവ ഭഗവാനുവാചാ എന്ന് പറയാറില്ലേ. കൃഷ്ണനെ ഭഗവാൻ എന്ന് പറയാൻ സാധിക്കില്ല. ഭഗവാൻ ഒന്നേയുള്ളു. കൃഷ്ണന്റെ മഹിമകളെല്ലാം വ്യത്യസ്തമാണ്. ആദ്യ നമ്പറിലുള്ള ദേവതകൾ രാധയും കൃഷ്ണനുമാണ്, അവർ സ്വയംവരത്തിനുശേഷം ലക്ഷ്മീ നാരായണനായി മാറുന്നു. പക്ഷേ ഇത് ആർക്കും അറിയില്ല. രാധയേയും കൃഷ്ണനേയും ആർക്കും അറിയില്ല. അവർ പിന്നീട് എവിടേയ്ക്ക് പോയി? രാധയും കൃഷ്ണനും തന്നെയാണ് സ്വയംവരത്തിനുശേഷം ലക്ഷ്മീ നാരായണന്മാരായി മാറുന്നത്. രണ്ടുപേരും വ്യത്യസ്ത മഹാരാജാക്കന്മാരുടെ കുട്ടികളാണ്. അവിടെ അപവിത്രതയുടെ പേരുപോലുമില്ല എന്തെന്നാൽ 5 വികാരങ്ങളാകുന്ന രാവണനില്ല. അത് രാമരാജ്യമാണ്. ഇപ്പോൾ ബാബ ആത്മാക്കളോട് പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. നിങ്ങൾ സതോപ്രധാനമായിരുന്നു, ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു, നഷ്ടം ഉണ്ടായിരിക്കുന്നു വീണ്ടും സമ്പാദ്യം ഉണ്ടാക്കണം. ഭഗവാനെ വ്യാപാരി എന്നും പറയാറുണ്ട്. വളരെ വിരളം ചിലരേ ഭഗവാനുമായി വ്യാപാരം നടത്തുന്നുള്ളൂ. മാന്ത്രികൻ എന്നും ഭഗവാനെത്തന്നെയാണ് പറയുന്നത്, അത്ഭുതം കാണിക്കുന്നു, എന്തെന്നാൽ മുഴുവൻ ലോകത്തിനും സദ്ഗതി നൽകുന്നു. എല്ലാവർക്കും മുക്തിയും ജീവന്മുക്തിയും നൽകുന്നു. ഇന്ദ്രജാലത്തിന്റെ കളിയല്ലേ. മനുഷ്യന് മനുഷ്യർക്ക് സദ്ഗതി നൽകാൻ സാധിക്കില്ല. നിങ്ങൾ 63 ജന്മങ്ങളായി ഭക്തി ചെയ്തുവന്നു, ഈ ഭക്തിയിലൂടെ ആരെങ്കിലും സദ്ഗതി നേടിയിട്ടുണ്ടോ? സദ്ഗതി നൽകാൻ ആരെങ്കിലുമുണ്ടോ? ഉണ്ടാവുക സാദ്ധ്യമല്ല. ഒരാൾക്കുപോലും തിരിച്ച് പോകാൻ സാധിക്കില്ല. പരിധിയില്ലാത്ത ബാബ തന്നെയാണ് വന്ന് എല്ലാവരേയും തിരികെ കൊണ്ടുപോകുന്നത്. കലിയുഗത്തിൽ അനേകം രാജാക്കന്മാരുണ്ട്. അവിടെയാണെങ്കിൽ നിങ്ങൾ കുറച്ചുപേരേ രാജ്യം ഭരിക്കൂ. ബാക്കി സർവ്വാത്മാക്കളും മുക്തിയിലേയ്ക്ക് പോകും. നിങ്ങൾ മുക്തിധാമം വഴി ജീവന്മുക്തിയിലേയ്ക്കാണ് പോകുന്നത്. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സൃഷ്ടി ചക്രത്തിന്റേയും രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും ദർശനം ഉണ്ടായിരിക്കുന്നു. ഈ ജ്ഞാനത്തിലൂടെ നരനിൽ നിന്നും നാരായണനായി മാറുന്നത് നിങ്ങൾ തന്നെയാണ്. ദേവതകളുടെ രാജധാനി സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് ഈ ജ്ഞാനത്തിന്റെ ആവശ്യമുണ്ടാകില്ല. ഭക്തർക്ക് ഭഗവാൻ അരകല്പത്തിലേയ്ക്കുള്ള സുഖം ഫലമായി നൽകി, പിന്നീട് രാവണ രാജ്യത്തിലാണ് ദുഃഖം ആരംഭിക്കുന്നത്. പതുക്കെ പതുക്കെ ഏണിപ്പടി ഇറങ്ങുന്നു. നിങ്ങൾ സത്യയുഗത്തിലായിരിക്കുമ്പോൾ ഒരു ദിവസം കഴിഞ്ഞുപോയാൽ അപ്പോഴും താഴേയ്ക്ക് ഇറങ്ങുക തന്നെയാണ് ചെയ്യുന്നത്. നിങ്ങൾ 16 കലാ സമ്പൂർണ്ണരായി മാറുന്നു പിന്നീട് ഏണിപ്പടി ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഓരോ സെക്കന്റും ടിക്ക് ടിക്ക് എന്ന് നീങ്ങിക്കൊണ്ടിരിക്കുന്നു. താഴേയ്ക്ക് വന്നുകൊണ്ടേയിരിക്കുന്നു. സമയം കഴിയുന്തോറും ഈ സ്ഥലത്തെത്തിച്ചേരുന്നു. അവിടെയും ഇതുപോലെയാണ് നിമിഷങ്ങൾ കടന്നുപോയത്. എന്നാൽ നമ്മൾ ഏണിപ്പടി കയറുന്നത് വളരെ വേഗത്തിലാണ്. പിന്നീട് ഒച്ചിനെപ്പോലെ ഏണിപ്പടി ഇറങ്ങണം.

ബാബ പറയുന്നു ഞാൻ സർവ്വരുടേയും സദ്ഗതി ദാതാവാണ്. മനുഷ്യന് മനുഷ്യരുടെ സദ്ഗതി ചെയ്യാൻ സാധിക്കില്ല എന്തെന്നാൽ അവർ വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത്, പതിതമാണ്. വാസ്തവത്തിൽ കൃഷ്ണനെ മാത്രമേ സത്യമായ മഹാത്മാവ് എന്ന് പറയാൻ കഴിയൂ. ഇവിടെ മഹാത്മാക്കളായിട്ടുള്ള മനുഷ്യരെല്ലാം വികാരത്തിലൂടെ ജന്മമെടുത്ത് പിന്നീട് സന്യാസം സ്വീകരിച്ചവരാണ്. എന്നാൽ കൃഷ്ണൻ ദേവതയാണ്. ദേവതകൾ സദാ പവിത്രമാണ്. അവരിൽ ഒരു വികാരവും ഉണ്ടായിരിക്കില്ല. ആ ലോകത്തെ നിർവ്വികാരീ ലോകം എന്നാണ് വിളിക്കുന്നത്, ഈ ലോകത്തെ വിളിക്കുന്നത് വികാരീ ലോകം എന്നാണ്. പവിത്രതയില്ല. പെരുമാറ്റം എത്ര മോശമാണ്. ദേവതകളുടെ പെരുമാറ്റം വളരെ നല്ലതായിരിക്കും. എല്ലാവരും അവരെ നമസ്ക്കരിക്കും. അവരുടെ സ്വഭാവം വളരെ നല്ലതാണ് അതിനാലാണ് അപവിത്രരായ മനുഷ്യർ പവിത്രമായ ദേവതകൾക്കുമുന്നിൽ ചെന്ന് നമസ്ക്കരിക്കുന്നത്. ഇപ്പോഴാണെങ്കിൽ വഴക്കടിക്കുക–അടികൂടുക എന്നിങ്ങനെ എന്തെല്ലാമാണ് ചെയ്യുന്നത്. വളരെ ബഹളമാണ്. ഇപ്പോൾ താമസിക്കാൻ പോലും സ്ഥലമില്ല. മനുഷ്യരുടെ എണ്ണം കുറയണം എന്ന് ആഗ്രഹിക്കുന്നുണ്ട്. പക്ഷേ ഇത് ബാബയുടെ മാത്രം ജോലിയാണ്. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. ഇത്രയും മനുഷ്യരുടെ ശരീരം ഭസ്മമാകും പിന്നീട് ആത്മാക്കൾ തന്റെ മധുരമായ വീട്ടിലേയ്ക്ക് പോകും. ശിക്ഷകൾ നമ്പർവൈസായി അനുഭവിക്കുകതന്നെ ചെയ്യും. പൂർണ്ണ പുരുഷാർത്ഥം ചെയ്ത് വിജയമാലയിലെ മുത്തായി മാറുന്നത് ആരാണോ അവർ ശിക്ഷകളിൽ നിന്നും മുക്തമാകും. മാല ഒരു മുത്തുകൊണ്ടല്ലല്ലോ ഉണ്ടാക്കുന്നത്. ഇവരെ ഇങ്ങനെയാക്കി മാറ്റിയത് ആരാണോ അവരാണ് പുഷ്പം. പിന്നീടാണ് മേരു, കാരണം പ്രവൃത്തി മാർഗ്ഗമല്ലേ. ജോഡികളുടെ മാലയാണ്. ഒറ്റയ്ക്കുള്ള മാലയുണ്ടാകില്ല. സന്യാസിമാരുടെ മാല ഉണ്ടാകുന്നില്ല. അവർ നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. അവരെക്കൊണ്ട് പ്രവൃത്തി മാർഗ്ഗത്തിലുള്ളവർക്ക് ജ്ഞാനം കൊടുക്കാൻ സാധിക്കില്ല. പവിത്രമായി മാറുന്നതിനുള്ള പരിധിയുള്ള സന്യാസമാണ് അവരുടേത്, അവർ ഹഠയോഗികളാണ്. ഇത് രാജയോഗമാണ്, രാജ്യപദവി പ്രാപ്തമാക്കുന്നതിനായാണ് ബാബ നിങ്ങൾക്ക് രാജയോഗം പഠിപ്പിച്ചുതരുന്നത്. ബാബ ഓരോ 5000 വർഷങ്ങൾക്കുശേഷവും വരും. അരകല്പം നിങ്ങൾ സുഖത്തിൽ രാജ്യം ഭരിച്ചു, പിന്നീട് രാവണരാജ്യത്തിൽ നിങ്ങൾ പതുക്കെ പതുക്കെ ദുഃഖിയായി മാറുന്നു. ഇതിനെയാണ് സുഖ–ദുഃഖത്തിന്റെ കളി എന്നു പറയുന്നത്. നിങ്ങൾ പാണ്ഢവരെ വിജയിയാക്കുന്നു. ഇപ്പോൾ നിങ്ങൾ വഴികാട്ടികളാണ്. വീട്ടിലേയ്ക്ക് പോകുന്നതിനുള്ള യാത്ര ചെയ്യുകയാണ്. ബാക്കിയുള്ള യാത്രകൾ മനുഷ്യർ ജന്മജന്മാന്തരങ്ങളായി ചെയ്തുവരുന്നതാണ്. ഇപ്പോൾ നിങ്ങളുടെ യാത്ര വീട്ടിലേയ്ക്ക് പോകുന്നതിനുള്ളതാണ്. ബാബ വന്ന് എല്ലാവർക്കും മുക്തി–ജീവന്മുക്തിയിലേയ്ക്കുള്ള വഴി പറഞ്ഞുതരുന്നു. നിങ്ങൾ ജീവന്മുക്തിയിലേയ്ക്കും ബാക്കിയുള്ള എല്ലാവരും മുക്തിയിലേയ്ക്കും പോകും. അയ്യോ അയ്യോ എന്ന നിലവിളിയ്ക്കുശേഷം ജയജയാരവം മുഴങ്ങും. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്. ആപത്തുകൾ ഒരുപാട് വരാനിരിക്കുന്നു, പിന്നീട് ആ സമയത്ത് നിങ്ങൾക്ക് ഓർമ്മയുടെ യാത്രയിൽ ഇരിക്കാൻ കഴിയില്ല എന്തുകൊണ്ടെന്നാൽ ബഹളങ്ങൾ ഒരുപാടുണ്ടാകും അതിനാൽ ബാബ പറയുകയാണ് ഇപ്പോൾ ഓർമ്മയുടെ യാത്രയെ വർദ്ധിപ്പിക്കൂ എങ്കിൽ പാപം ഭസ്മമാകും മാത്രമല്ല സമ്പാദ്യവും ശേഖരിക്കപ്പെടും. സതോപ്രധാനമായി മാറൂ. ബാബ പറയുന്നു ഞാൻ ഓരോ കല്പത്തിലേയും പുരുഷോത്തമ സംഗമയുഗത്തിലാണ് വരുന്നത്. ഇത് വളരെ ചെറിയ ബ്രാഹ്മണരുടെ യുഗമാണ്. ബ്രാഹ്മണരുടെ അടയാളം കുടുമയാണ്. ബ്രാഹ്മണർ, ദേവത, ക്ഷത്രിയർ, വൈശ്യർ പിന്നെ ശൂദ്രർ– ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ബ്രാഹ്മണരുടേത് വളരെ ചെറിയ കുലമാണ്, ഈ ചെറിയ യുഗത്തിലാണ് ബാബ വന്ന് നിങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങൾ കുട്ടികളുമാണ് വിദ്യാർത്ഥികളുമാണ് മാത്രമല്ല ശിഷ്യന്മാരുമാണ്. ഒരാളുടേതു മാത്രമാണ്. അച്ഛനുമാണ് പഠിപ്പിക്കുന്ന ടീച്ചറുമാണ്, സൃഷ്ടയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നു, പിന്നീട് കൂടെ കൊണ്ടുപോവുകയും ചെയ്യുന്നു ഒരു മനുഷ്യനും ഇങ്ങനെ ഉണ്ടാകില്ല. ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. സത്യയുഗത്തിലും ആദ്യമാദ്യം വളരെ ചെറിയ വൃക്ഷമായിരിക്കും, ബാക്കിയുള്ള എല്ലാവരും ശാന്തിധാമത്തിലേയ്ക്ക് പോയിട്ടുണ്ടാകും. സർവ്വരുടേയും സദ്ഗതി ദാതാവ് എന്നാണ് ബാബയെ വിളിക്കുന്നത്. അല്ലയോ പതിതപാവനനായ ബാബാ വരൂ എന്നു പറഞ്ഞ് ബാബയെ വിളിക്കുന്നുണ്ട്. മറുവശത്ത് പിന്നീട് പറയുന്നു പരമാത്മാവ് പട്ടിയിലും–പൂച്ചയിലും, കല്ലിലും–മുള്ളിലും എല്ലാം അടങ്ങിയിരിക്കുന്നു. പരിധിയില്ലാത്ത ബാബയ്ക്ക് ഗ്ലാനി ചെയ്യുന്നു. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന ബാബയ്ക്ക് പേരുദോഷമുണ്ടാക്കുന്നു. ഇതിനെയാണ് രാവണന്റെ സംഗദോഷം എന്നു പറയുന്നത്. സത്യവുമായുള്ള സംഗം ഉയർത്തും, കുസംഗം താഴേയ്ക്ക് വീഴ്ത്തും. രാവണ രാജ്യം ആരംഭിക്കുമ്പോൾ മുതൽ നിങ്ങൾ താഴേയ്ക്ക് വീഴാൻ തുടങ്ങുന്നു. ബാബ വന്ന് നിങ്ങളുട ഉയരുന്ന കലയുണ്ടാക്കുന്നു. ബാബ വന്ന് മനുഷ്യരെ ദേവതയാക്കി മാറ്റുമ്പോൾ എല്ലാവരുടേയും മംഗളം ഉണ്ടാകുന്നു. ഇപ്പോൾ എല്ലാവരും ഇവിടെയാണ്, ഇനി ആരാണോ ബാക്കിയുള്ളത് അവരും വന്നുകൊണ്ടിരിക്കുകയാണ്. നിരാകാരീ ലോകത്തിൽ നിന്നും എല്ലാവരും താഴേയ്ക്ക് വന്നെത്തുന്നതു

വരെ നിങ്ങൾ പരീക്ഷയിൽ നമ്പർവൈസായി പാസായിക്കൊണ്ടിരിക്കും. ഇതിനെ ആത്മീയ കോളേജ് എന്നാണ് വിളിക്കുന്നത്. ആത്മീയ അച്ഛൻ ആത്മീയ കുട്ടികളെ പഠിപ്പിക്കാൻ വരുകയാണ്, രാവണരാജ്യം വന്നപ്പോൾ ശരീരം ഉപേക്ഷിച്ച് പിന്നീട് പോയി അപവിത്ര രാജാവായി മാറി മാത്രമല്ല പവിത്രമായ ദേവത കൾക്കുമുന്നിൽ തലകുനിക്കാനും തുടങ്ങി. ആത്മാവുതന്നെയാണ് പതിതവും പാവനവുമായി മാറുന്നത്. ആത്മാവ് പതിതമാകുമ്പോൾ ശരീരവും പതിതമായതാണ് ലഭിക്കുന്നത്. സത്യമായ സ്വർണ്ണത്തിൽ അഴുക്ക് പിടിക്കുമ്പോൾ അത് അഴുക്കുള്ള ആഭരണമായി മാറുന്നു. ഇപ്പോൾ ആത്മാവിലെ കറ എങ്ങനെ ഇളകും? യോഗാഗ്നി ആവശ്യമാണ്, അതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. ആത്മാവിൽ വെള്ളിയും ചെമ്പും ഇരുമ്പുമെല്ലാം കലർന്നു. ഇതാണ് അഴുക്ക്. ആത്മാവ് സത്യമായ സ്വർണ്ണമാണ്. ഇപ്പോൾ അസ ത്യമായി മാറിയിരിക്കുന്നു. എങ്ങനെ അഴുക്കുകൾ ഇല്ലാതാകും? ഇതാണ് യോഗാഗ്നി, ജ്ഞാനത്തിന്റെ ചിതയിലാണ് ഇരിക്കുന്നത്. മുമ്പ് കാമചിതയിലായിരുന്നു. ബാബ ജ്ഞാന ചിതയിൽ ഇരുത്തുകയാണ്. ജ്ഞാനസാഗരനായ ബാബയ്ക്കല്ലാതെ മറ്റാർക്കും ജ്ഞാനചിതയിൽ ഇരുത്താൻ സാധിക്കില്ല. മനുഷ്യർ ഭക്തിമാർഗ്ഗത്തിൽ എത്ര പൂജ ചെയ്യുന്നു പക്ഷേ ആരെയും അറിയില്ല. ഇപ്പോൾ നിങ്ങൾ എല്ലാവരേയും അറിഞ്ഞുകഴിഞ്ഞു. നിങ്ങൾ എല്ലാവരും ദേവതയായി മാറിയാൽ പിന്നെ പൂജയുടെ കാര്യം അവസാനി ക്കും. എപ്പോഴാണോ രാവണരാജ്യം ആരംഭിക്കുന്നത് അപ്പോഴാണ് ഭക്തിയും ആരംഭിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കു വേണ്ടിയുള്ള മുഖ്യ സാരം:-

1) ശിക്ഷകളിൽ നിന്നും മുക്തമാകുന്നതിന് വിജയമാലയിലെ മുത്തായി മാറാനുള്ള പുരുഷാർത്ഥം ചെയ്യണം, ആത്മീയ വഴികാട്ടിയായി മാറി എല്ലാവരേയും ശാന്തിധാമമാകുന്ന വീട്ടിലേയ്ക്കുള്ള യാത്ര ചെയ്യിക്കണം.

2) ഓർമ്മയുടെ യാത്രയെ വർദ്ധിപ്പിച്ച്-വർദ്ധിപ്പിച്ച് എല്ലാ പാപങ്ങളിൽ നിന്നും മുക്തമാകണം. യോഗാഗ്നി യിലൂടെ ആത്മാവിനെ സത്യമായ സ്വർണ്ണമാക്കി മാറ്റണം, സതോപ്രധാനമായി മാറണം.

## വരദാനം - ഓരോ നിമിഷവും അന്തിമ നിമിഷം എന്ന് മനസിലാക്കി സദാ എവറെഡി യായിരിക്കുന്ന തീവ്ര പുരുഷാർത്ഥിയായി ഭവിക്കൂ.

നമ്മുടെ അന്തിമ നിമിഷത്തേക്കുറിച്ച് ഒരു വിശ്വാസവുമില്ല അതിനാൽ ഓരോ നിമിഷവും അന്തിമ നിമിഷം എന്ന് മനസിലാക്കി എവറെഡിയായിരിക്കൂ. എവറെഡി അർത്ഥം തീവ്രപുരുഷാർത്ഥി. വിനാശം സംഭവി ക്കാൻ കുറച്ച് സമയമുണ്ട് പിന്നീട് തയ്യാറാകാം എന്ന് ചിന്തിക്കരുത്. അല്ല, ഓരോ നിമിഷവും അന്തിമ നി മിഷമാണ് അതിനാൽ സദാ നിർമോഹി, നിർവികൽപ്പം, നിർ-വ്യർത്ഥം... വ്യർത്ഥവും ഇല്ല, അപ്പോൾ പ റയാം എവറെഡി. ഏതെങ്കിലും കാര്യം ഉണ്ടായി കൊണ്ടിരിക്കാം എന്നാൽ നിങ്ങളുടെ സ്ഥിതി സദാ ഉപ രാമം, എന്ത് സംഭവിച്ചാലും അത് നല്ലതായിരിക്കും.

## സ്ലോഗൻ - നിയമം കയ്യിലെടുക്കുക എന്നതും ക്രോധത്തിന്റെ അംശമാണ്.